**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1850** **08-10-2021 - ൽ മറുപടിയ്ക്ക്**

**സമ്പുഷ്ട മാംസാഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ വി ജോയി,<br>ശ്രീമതി ദെലീമ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാംസാഹാരം കഴിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ആധുനിക മാംസ വിൽപ്പന ശാലകളും അറവുശാലകളും ഇല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 2013 ലെ സർക്കാർ സെൻസസ് പ്രകാരം 15,680 ഓളം അറവുശാലകൾ സംസ്ഥാനത്തുണ്ട്. |
| (ബി) | അനധികൃത അറവുശാലകൾ വഴി രോഗം ബാധിച്ചതും ചത്തതുമായ ആടുമാടുകളുടെ മാംസം വിതരണം ചെയ്യുന്നത് ജന്തുജന്യ രോഗങ്ങൾ പിടിപെടാൻ ഇടയാക്കുമെന്ന അഭിപ്രായം ഗൗരവമായി പരിഗണിക്കുമോ; | (ബി) | അനധികൃത അറവുശാലകൾ വഴി രോഗം ബാധിച്ചതും ചത്തതുമായ ആടുമാടുകളുടെ മാംസം വിതരണം ചെയ്യുന്നത് ജന്തുജന്യ രോഗങ്ങൾ പിടിപെടാൻ ഇടയാക്കുന്നതാണ്. 1996ലെ കേരള പഞ്ചായത്ത് രാജ്- കശാപ്പുശാലകളും ഇറച്ചിക്കടകളും, ചട്ടങ്ങൾ പ്രകാരം, അനധികൃത അറവ് തടയാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആയതിനാൽ ഈ വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മാംസാഹാരികളായ ഉപഭോക്താക്കളുടെ ആരോഗ്യത്തിന് പ്രാധാന്യം നൽകി മാംസത്തെ ശാസ്ത്രീയമായി സംസ്കരിച്ച് സമ്പുഷ്ടമായ ഇറച്ചിയാക്കി ശീതീകരിച്ച് സംസ്ഥാനത്താകെ വിതരണം നടത്തുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ? | (സി) | എം. പി. ഐ യുടെ കീഴിൽ ഇടയാറിൽ ഒരു അത്യാധുനിക അറവുശാല സ്ഥാപിച്ച് പ്രവർത്തിക്കുന്നു. ഇതിൽ ദിനംപ്രതി 200 കാള/ പോത്ത്, 200 പന്നി എന്നിവയെ കശാപ്പ ചെയ്ത് 26 മെട്രിക് ടൺ ഇറച്ചി സംസ്കരിക്കാനുള്ള ഉത്പാദന ശേഷിയുണ്ട്. ഇതിനുപരി ആട്, ചെറിയ ഇനം പന്നി എന്നിവയെ കശാപ്പ ചെയ്ത് ദിനംപ്രതി ഒന്നര മെട്രിക് ടൺ ഇറച്ചി സംസ്കരിക്കുന്നതിനുള്ള ഫാക്ടറിയും 2500 കോഴികളെ സംസ്കരിക്കുന്ന പൗൾട്രി പ്രോസ്സസ്സിംഗ് പ്ലാന്റും പ്രവർത്തിക്കുന്നു. മൂല്യവർദ്ധിത ഇറച്ചി ഉത്പന്ന സംസ്കരണ പ്ലാന്റ് 1350 ലക്ഷം രൂപ ചിലവിൽ ഏരൂർ, പുനലൂർ, കൊല്ലം ജില്ലയിൽ പണി പൂർത്തിയാക്കി 2021 നവംബർ മാസത്തോടെ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇവിടെ ദിനംപ്രതി |

| | | | |
|---|---|---|---|
| | | | 2000 കിലോഗ്രാം മൂല്യവർദ്ധിത ഇറച്ചി ഉത്പന്നങ്ങൾ സംസ്കരിക്കാനുള്ള ഉത്പാദന ശേഷിയുണ്ട്. കമ്പനി നേരിട്ട് 7 അത്യാധുനിക മാംസവില്പനശാലകൾ പ്രവർത്തിപ്പിക്കുന്നു. ഇതിനുപരി 650 ഓളം ഡീലർ ഷോപ്പുകൾ കേരളത്തിലുടനീളം പ്രവർത്തിക്കുന്നു. ഓൺലൈൻ വില്പനയുള്ള ഏജൻസി, മൊബൈൽ സെയിൽസ് വാൻ സംവിധാനം ഇവയും ഒരുക്കിയിട്ടുണ്ട്. കെ. എസ്. ആർ. റ്റി. സി. യുടെ മേജർ സ്റ്റേഷനുകളിൽ എം. പി. ഐ. യുടെ ആധുനിക മാംസ വില്പനശാലകൾ കമ്പനി നേരിട്ടു നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ